ഫോർ ലൈൻ ക്രോസ് ആമുകൾ ഉൽപ്പാദിപ്പിച്ച് നൽകുകയുമുണ്ടായി. കൂടാതെ ഉൽപ്പാദന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോറിക്ഷാ ഫെയർ മീറ്ററുകളുടെയും കെ.എസ്.ഇ.ബി.-ക്ക് ആവശ്യമുള്ള കോൺക്രീറ്റ് തൂണുകളുടെയും ഉൽപ്പാദനം ആരംഭിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.

അണ്ടർഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി കണക്ഷൻ

10 [3354] ശ്രീ. വി. കെ. സി. മമ്മദ് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി കണക്ഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഈ സംവിധാനം എന്നുമുതൽക്കാണ് ആരംഭിച്ചതെന്നും ഇതേവരെ എത്ര മീറ്റർ കേബിൾ ഉപയോഗപ്പെടുത്തിയെന്നും വ്യക്തമാക്കാമോ;

(സി) ഇതേവരെ ഇതിനായി വൈദ്യുതി ബോർഡ് ചെലവഴിച്ച തുകയെത്ര;

(ഡി) എവിടെയെല്ലാമാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയത്;

(ഇ) ഈ സംവിധാനവും നിലവിലുള്ള സംവിധാനവും തമ്മിൽ നടത്തിയ താരതമ്യ പഠനത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഇതുവഴി ഉണ്ടാക്കാൻ കഴിഞ്ഞെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സാധാരണ രീതിയിൽ പോസ്റ്റും കമ്പിയും ഉപയോഗിച്ചോ വെതർ പ്രൂഫ് വയർ ഉപയോഗിച്ചോ കണക്ഷൻ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ അണ്ടർ ഗ്രൗണ്ട് കേബിൾ വഴി കണക്ഷൻ നൽകുകയുള്ളൂ. നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 1998 മുതലാണ് ഈ സംവിധാനം ആരംഭിച്ചത് ഏകദേശം 384.54 കിലോമീറ്റർ കേബിൾ ഉപയയോഗിച്ചിട്ടുണ്ട്.

(സി) ഇതിനായി വൈദ്യുതി ബോർഡ് തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(ഡി) ഈ സംവിധാനം സംസ്ഥാനത്തു മുഴുവൻ നടപ്പാക്കിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. നേട്ടങ്ങൾ താഴെ പറയുന്നു:

1. ഉപഭോക്താവിന് എളുപ്പത്തിൽ കണക്ഷൻ ലഭിക്കുന്നു.

2. പോസ്റ്റ് വലിച്ച് കണക്ഷൻ നൽകാൻ കഴിയാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിയുന്നു.

3. മെയിന്റനൻസ് ചെലവില്ല.

വൈദ്യുതി ബോർഡിന് ആവശ്യമായ നിർമ്മാണ ഘടകങ്ങൾ ഉൽപ്പാദിപ്പിക്കാൻ നടപടി

11 [3355] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിനും വിതരണത്തിനും ആവശ്യമായ പോസ്റ്റ്, കമ്പി, കേബിളുകൾ, ട്രാൻസ്ഫോർമർ ഘടകങ്ങൾ ഇതര ഉപകരണങ്ങൾ എന്നിവ കേരളത്തിൽ യഥാക്രമം എവിടെയെല്ലാം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന വൈദ്യുതി ബോർഡിനാവശ്യമായ നിർമ്മാണ ഘടകങ്ങൾ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമർ:

1. ടെൽക്ക്, അങ്കമാലി.
2. കെൽ, മാമല.
3. യൂണി പവർസിസ്റ്റം, കോട്ടയം.

എനർജി മീറ്റർ:

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം.

വെതർ പ്രൂഫ് വയർ:

1. ട്രാക്കോ കേബിൾ കമ്പനി, എറണാകുളം.
2. ബറോഡ ഇൻഡസ്ട്രീസ്, വേളി.

LIBRARY ARCHIVES Kerala Legislative Assembly